## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 143 — 30/09/2011-ൽ മറുപടിക്ക്.

## ആരോഗ്യഇൻഷ്വറൻസ് പദ്ധതിയുടെ കവറേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഇ.എസ്. ബിജിമോൾ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. കെ. രാജു | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി തുടക്കം കുറിച്ചതെന്നാണ് ; ഈ പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര പേർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട് ; | (എ) 2008 നവംബർ മാസം മുതൽലാണ് ആരോഗ്യ ഇൻഷുറൻസ് പദ്ധതി കേരളത്തിൽ ആരംഭിച്ചത്. 2011 ജൂലൈ മാസം വരെ 7,39,584 പേർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| (ബി) ചികിത്സാ ചെലവുകൾ താങ്ങാൻ കഴിയുന്നില്ലെന്ന കാരണം പറഞ്ഞ് സ്വകാര്യ സഹകരണ ആശുപത്രികൾ ഈ പദ്ധതിയിൽ നിന്നും പിൻമാറുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് കവറേജ് ആയി നൽകുന്ന തുക ചികിത്സകൾക്ക്അപര്യാപ്തമാണെന്നുള്ളത് വസ്തുതയാണോ ; ആണെങ്കിൽ ഈ പദ്ധതി മുന്നോട്ടു കൊണ്ടുപോകുന്നതിന് എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് ? | (സി) ചില പാക്കേജ് റേറ്റുകൾ കേരളത്തിലെ ചികിത്സാ ചെലവുമായി താരതമ്യം ചെയ്യുമ്പോൾ കുറവായി കണ്ടുവരുന്നു. എന്നാൽ ബഹുഭൂരിപക്ഷം പാക്കേജുകളും പര്യാപ്തമായാണ് കണ്ടുവരുന്നത്. |

സെക്ഷൻ ഓഫീസർ